പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5540 | 02.07.2014- ൽ മറുപടിക്ക് |

## മാനസിക ആരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിന് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>" ലൂഡി ലൂയിസ്<br>" റ്റി. എൻ. പ്രതാപൻ<br>" എം. എ. വാഹീദ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ മാനസിക ആരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | പദ്ധതി രൂപീകരിച്ചിട്ടുണ്ട്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>തിരുവനന്തപുരം ഗവ. മാനസികാരോഗ്യ കേന്ദ്രം</u>**<br><br>ഡീ അഡിക്ഷൻ കേന്ദ്രത്തിന്റെ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട് പുതിയതായുള്ള ക്ലോസ്ഡ് ഫീമെയിൽ വാർഡിന്റെ പണി എത്രയും വേഗം തുടങ്ങുമെന്ന് പി.ഡബ്ലിയു.ഡി. അറിയിച്ചിട്ടുണ്ട് ഡ്രെയിനേജുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഉടൻ നടപ്പിൽ വരുത്തുമെന്നും പി.ഡബ്ളിയു.ഡി അറിയിച്ചിട്ടുണ്ട് ഈ സ്ഥാപനത്തിലെ മെയിൽ ഫോറൻസിക് വാർഡിൽ പുതിയതായി ബാത്ത്റും ഉൾപ്പെടുത്തിയുള്ള സിംഗിൾ റൂമുകൾ പണിയുന്നതിനും പി.ഡബ്ളിയു.ഡി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട് ഈ സ്ഥാപനത്തിന്റെ കോമ്പൗണ്ടിലെ എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും എൽ.ഇ.ഡി. സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനായും വിവിധ വാർഡുകളിലെ ഇലക്ട്രിക് വർക്കുകളുടേയും മറ്റ് കേബിളിങ് വർക്കുകളുടേയും പണി നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു<br><br>പുതിയതായി പണി പൂർത്തിയായ ഡീ അഡിക്ഷൻ വാർഡിന്റെ ചുറ്റുമുള്ള മതിലുകളുടെ വർക്ക് എത്രയും വേഗം പൂർത്തിയാക്കുമെന്നും നഴ്സിംഗ് സ്കൂൾ ആന്റ് നഴ്സസ് ഹോസ്റ്റലിന്റെ വർക്ക് പി.ഡബ്ളിയു.ഡി. ഉടൻ ആരംഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്<br><br>**<u>തൃശ്ശൂർ ഗവ. മാനസികാരോഗ്യകേന്ദ്രം</u>**<br><br>തൃശ്ശൂർ, സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട് 2014 -15 പ്ലാൻ പ്രൊപ്പോസലിൽ താഴെപ്പറയുന്ന ശീർഷകത്തിൽ ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | (എ) മാസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം - 20 ലക്ഷം<br>2210-01-110-87-17 മൈനർ വർക്സ് - 10 ലക്ഷം<br>2210-01-110-84-19 മെഷിനറി & എക്യുപ്മെന്റ്സ് - 4 ലക്ഷം<br>2210-01-110-84-34 അദർ ചാർജ്ജസ്സ് - 6 ലക്ഷം<br><br>അടിസ്ഥാന സൗകര്യ വികസനം (കുടിവെള്ള വിതരണ നവീകരണം, വാട്ടർ ടാങ്ക് നന്നാക്കൽ, പൈപ്പ് ലൈനുകളുടെ നവീകരണം, ഇലക്ട്രിക് മെയിന്റിനൻസ്, ആശുപത്രിക്കാവശ്യമായ ഉപകരണങ്ങൾ, രോഗികൾക്ക് ആവശ്യമായ വസ്ത്രം, സ്റ്റാഫിനുള്ള ട്രെയിനിംഗ്)<br><br>(ബി) മാനസികാരോഗ്യ കേന്ദ്രങ്ങളെ അഭിവൃദ്ധിപ്പെടുത്തൽ<br><br>2210-01-110-84- 75 ലക്ഷം<br>(ആധുനിക രീതിയിലുള്ള സ്വീവേജ് സിസ്റ്റം സ്ഥാപിക്കൽ, ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം, അവശ്യമരുന്നുകൾ, മരുന്നു സംഭരിക്കാനുള്ള അടിസ്ഥാന സൗകര്യ വികസനം, ആശുപത്രിയുടെ വികസനത്തിനാവശ്യമായ സാധന സാമഗ്രികളും ഉപകരണങ്ങളും)<br><br>കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രം<br><br>ഇപ്പോഴുള്ള പല തസ്തികകളും 600-ൽപ്പരം രോഗികളെ ശുശ്രൂഷിക്കുവാൻ അപര്യാപ്തമാണ്. ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനായി മേലധികാരികളോട് അപേക്ഷിച്ചിട്ടുണ്ട്.<br>എന്നിരുന്നാലും ശുചീകരണ ജോലിക്കാർ, ഡ്രൈവർ, ലബോറട്ടറി ടെക്നീഷ്യൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ തസ്തികകൾ ഇപ്പോൾ ഉള്ളതിലും കൂടുതൽ ആവശ്യമാണ്. ഇക്കാര്യത്തിൽ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതാണ്. ആശുപത്രി ജീവനക്കാർക്ക് മാനസികരോഗികളെ ശുശ്രൂഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകേണ്ടതാണ്. ഇതിനായി മേലധികാരികളോട് അപേക്ഷിക്കാവുന്നതാണ്. സാന്ദ്രത കുറയ്ക്കുന്നതിനായി പുനരധിവാസ കേന്ദ്രങ്ങൾ ആവശ്യമാണ്<br>ആരെന്ന് സ്വയം വെളിപ്പെടുത്താനാവാത്ത ഒരുപാട് വ്യക്തിത്വങ്ങൾ മാനസികാരോഗ്യകേന്ദ്രത്തിൽ കഴിഞ്ഞ് വരുന്നുണ്ട്. ഇവരെ നഷ്ടപ്പെട്ടശേഷം തീരാ ദു:ഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങൾക്ക് ഇവരെക്കുറിച്ച് അന്വേഷിക്കാനായി ദേശീയ തലത്തിൽ ഒരു വെബ്സൈറ്റിന് സാധ്യതയുണ്ട്. ഏറ്റവും താഴെതലത്തിൽ ജീവനക്കാരുള്ള ആരോഗ്യ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെയും, പോലീസ് വകുപ്പിന്റെയും നെറ്റ് വർക്കുകൾ ഇവരെ കണ്ടെത്തുന്നതിനായി ഉപയോഗിക്കാവുന്നതാണ്.<br><br>മാനസികാരോഗ്യ കേന്ദ്രത്തിന്റെ മതിൽക്കെട്ടിനകത്ത് മാനുഷിക വിഭവശേഷി പാഴായിപ്പോകുന്നില്ലെന്ന് ഉറപ്പുവരുത്താനായി കൂടുതൽ ജോലി സാധ്യതകൾ കണ്ടെത്താവുന്നതാണ്. ശരിയായ മേൽനോട്ടമുണ്ടെങ്കിൽ കായികക്ഷമത കൂടുതൽ ആവശ്യമായി വരുന്ന ജോലികൾപോലും ഇവരെ ഏൽപ്പിക്കാവുന്നതാണ്. അതുപോലെ കമ്പ്യൂട്ടർപരിജ്ഞാനമുണ്ടാക്കാനുള്ള ക്ലാസ്സുകൾ ബന്ധപ്പെട്ട വകുപ്പിന്റെ സഹായത്തോടെ തുടങ്ങാവുന്നതാണ്. കൃഷി, ടെയിലറിംഗ്, ഇലക്ട്രോണിക് റിപ്പയർ, കോഴിവളർത്തൽ തുടങ്ങിയവയെല്ലാം വിദഗ്ധസഹായത്തോടെ വിപുലമായ രീതിയിൽ നടത്താൻ സാധിക്കും. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | മെന്റൽ ഹെൽത്ത് സെന്ററുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രികളുടെ അഭിവൃദ്ധിപ്പെടുത്തലിനും രോഗികളുടെ ശരിയായ ചികിത്സയ്ക്കും സംരക്ഷണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത് |
| സി) | പദ്ധതി നടപ്പാക്കുന്നതിനായി മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) | <u>തിരുവനന്തപുരം ഗവ. മാനസികാരോഗ്യ കേന്ദ്രം</u><br><br>തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ പറഞ്ഞിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു. ആയതിൽ ഡീ-അഡിക്ഷൻ വാർഡിന്റെ വർക്ക് കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കികഴിഞ്ഞു.നഴ്സിംഗ് സ്കൂൾ ആന്റ് നഴ്സസ് ഹോസ്റ്റലിന്റെ വർക്ക് ഉടൻ ആരംഭിക്കുമെന്ന് പി.ഡബ്ളിയു.ഡി. അറിയിച്ചിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്ലാൻ ആന്റ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി പി. ഡബ്ളിയു.ഡി. എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br><u>തൃശ്ശൂർ ഗവ. മാനസികാരോഗ്യകേന്ദ്രം</u><br><br>തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർവ്വേ പൂർത്തിയാക്കുകയും, ചീഫ് ആർകിടെക്റ്റ് ഈ സ്ഥാപനം സന്ദർശിക്കുകയും അവിടുത്തെ ആവശ്യകതകൾക്കനുസരിച്ച് കരട് മാസ്റ്റർ പ്ലാനും, മോഡേൺ സൈക്യാട്രിക് വാർഡ്, ഫീമെയിൽ ഫോറൻസിക് വാർഡ് എന്നിവ പണിയുന്നതിനുള്ള പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രം**<br><br>കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | **തിരുവനന്തപുരം ഗവ. മാനസികാരോഗ്യ കേന്ദ്രം**<br>തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനോട് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്<br><br>**തൃശ്ശൂർ ഗവ. മാനസികാരോഗ്യകേന്ദ്രം**<br><br>തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ മോഡേൺ സൈക്യാട്രിക് വാർഡിനു വേണ്ടി സർക്കാർ ഈ വർഷത്തെ പദ്ധതിയിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പുതിയ അടുക്കളയ്ക്കുള്ള 90 ലക്ഷം രൂപയും ഫോറൻസിക് വാർഡിനുള്ള 126 ലക്ഷം രൂപയും ലബോറട്ടറി & എക്സ്റേവികസനത്തിനായുള്ള 78.61 ലക്ഷം രൂപയും ആരോഗ്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പിനു കൈമാറിയിട്ടുണ്ട്. കഴിഞ്ഞവർഷത്തെ പദ്ധതിയിൽ രോഗികൾക്ക് ഭക്ഷണവിതരണത്തിനായുള്ള വാഹനം ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – 1

## Area Description of buildings designed for Master Plan of Mental Health Centre, Thiruvananthapuram

| Sl.No | Description | No. of Beds | No. of Floors | Area (Sq.M) |
|---|---|---|---|---|
| 1. | De-Addiction Ward | 100 | 3 | 2262 |
| 2. | Closed Ward (Male) | 50 | 1 | 980 |
| 3. | Closed Ward (Female) | 100 | 2 | 1960 |
| 4. | Open Ward (Male) | 100 | 2 | 1960 |
| 5. | Open Ward (Female) | 100 | 2 | 1960 |
| 6. | Geriatric, Paediatric & Family Ward | | | |
| | Ward – 24 bed | | | |
| | Family Rooms – 45 Nos. | | 4 | 3958 |
| 7. | Nursing School & Nurses Hostel | | 3 | 825 |
| 8. | Pharmacy/Store | | 3 | 985 |
| 9. | Academic Block | | 2 | 1620 |

## Location/Area marked in Master plan

| Sl.No | Description | No. of Beds | No. of Floors | Area (Sq.M) |
|---|---|---|---|---|
| 1. | Dormitory (Male/Female) | (325 + 325) | | 650 |
| | | | | 350 |
| 2. | Diagnostic Facilities | | | |
| 3. | Service Area | | | |
| 4. | Amrithakuteeram (Male/Female) | 5 (Nos. each) | | |
| | | | | 200 |
| 5. | Vocational rehab | | | 15 |
| 6. | Generator Room | | | |
| 7. | OHT & Standby OHT (immediate proposal) | | | |
| 8. | Parking for out patients and visitors | | | |
| 9. | OP Block (existing building to be converted) | | | |
| 10. | Park and open spaces. | | | |

Section Officer.